# മഹാത്മാഗാന്ധി സർവ്വകലാശാല

ഫോൺ: 0481 - 2733298
മൊബൈൽ : 9495119702


പി.ആർ.ഒ./39/201/2018 2018 സെപ്റ്റംബർ 25

## വാർത്താക്കുറിപ്പ്

# 'കനിവോ'ടെ എം.ജി.; മൂന്ന് മണിക്കൂറിനുള്ളിൽ 327 പ്രളയബാധിതർക്ക് സർട്ടിഫിക്കറ്റ്

**- പ്രളയത്തിൽ നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ വീണ്ടെടുക്കാൻ വീണ്ടും അവസരം നൽകും: പ്രൊഫ. സാബു തോമസ്**

പ്രളയത്തിൽ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ട 327 പേർക്ക് മൂന്നു മണിക്കൂർ കൊണ്ട് അവ ലഭ്യമാക്കി മഹാത്മാ ഗാന്ധി സർവകലാശാല. പ്രീഡിഗ്രി മാർക്ക് ലിസ്റ്റുകൾ മുതൽ ബിരുദ - ബിരുദാനന്തര ബിരുദ സർട്ടിഫിക്കറ്റുകൾ വരെയാണ് പലർക്കും പ്രളയത്തിൽ നഷ്ടപ്പെട്ടത്. ഓൺലൈനായി സെപ്റ്റംബർ 19 വരെ അപേക്ഷിച്ചവർക്കാണ് 'കനിവ് 2018' അദാലത്തിലൂടെ അതിവേഗം സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയത്. സർവകലാശാലാ അസംബ്ലിഹാളിൽ നടന്ന അദാലത്ത് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. പ്രളയത്തിൽ നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ വീണ്ടെടുക്കുന്നതിന് അപേക്ഷിക്കാൻ വീണ്ടും അവസരം നൽകുമെന്ന് വൈസ് ചാൻസലർ പറഞ്ഞു. മാള കുമ്പിടി അന്നമനടയിൽ പി.ജെ. മിനിക്ക് പ്രളയത്തിൽ നഷ്ടമായ ബി.കോം, എം.എസ്.ഡബ്ല്യു. സർട്ടിഫിക്കറ്റുകൾ നൽകിയാണ് അദാലത്തിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ നിർവ്വഹിച്ചത്.

സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടവർക്ക് അത് ലഭ്യമാക്കാൻ എല്ലാ സഹായവും സർവകലാശാല നൽകും. കുറഞ്ഞ സമയംകൊണ്ട് കൂട്ടായ യത്നത്തിലൂടെ 327 പേർക്ക് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ കഴിഞ്ഞു. സർവകലാശാലാ പോർട്ടൽ വഴി അപേക്ഷ നൽകാൻ കഴിയാതിരുന്നവർക്ക് വീണ്ടും അവസരം നൽകുമെന്ന് അദ്ദേഹം പറഞ്ഞു. 284 പേർക്ക് അദാലത്തിലൂടെ ഉടൻ സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റുകളും ലഭ്യമാക്കി. അദാലത്ത് പരിഗണിച്ച 43 അപേക്ഷകൾ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള തുടർനടപടികൾക്കായി മാറ്റി.

സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. ആർ. പ്രഗാഷ്, ഡോ. പി.കെ. പത്മകുമാർ, ഡോ. കെ. കൃഷ്ണദാസ്, ഡോ. എ. ജോസ്, വി.എസ്. പ്രവീൺകുമാർ, രജിസ്ട്രാർ എം.ആർ. ഉണ്ണി, പരീക്ഷാ കൺട്രോളർ ഡോ. തോമസ് ജോൺ മാമ്പറ തുടങ്ങിയവർ അദാലത്തിൽ പങ്കെടുത്തു.

## ചിത്രവിവരണം

**DSC 0675, 0678, 0680 - പ്രളയത്തിൽ സർട്ടിഫിക്കറ്റുകൾ നഷ്ടമായവർക്ക് അവ ലഭ്യമാക്കുന്നതിനായി എം.ജി. സർവകലാശാല സംഘടിപ്പിച്ച അദാലത്ത് 'കനിവ് 2018' വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.**

**DSC 0683, 0684 - പ്രളയത്തിൽ സർട്ടിഫിക്കറ്റുകൾ നഷ്ടമായവർക്ക് അവ ലഭ്യമാക്കുന്നതിനായി എം.ജി. സർവകലാശാല സംഘടിപ്പിച്ച 'കനിവ് 2018' അദാലത്തിൽ മാള കുമ്പിടി അന്നമനടയിൽ പി.ജെ. മിനിക്ക് നഷ്ടമായ ബി.കോം, എം.എസ്.ഡബ്ല്യു. സർട്ടിഫിക്കറ്റുകൾ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നൽകുന്നു.**

**സെർവ്വർ തകരാർ: ഫീസടയ്ക്കാനുള്ള തീയതി നീട്ടി**

സർവ്വകലാശാലാ സെർവ്വർ തകരാറിലായതുമൂലം ബിരുദ കോഴ്സുകൾക്ക് സെപ്റ്റംബർ 24ന് പിഴയില്ലാതെ ഫീസടയ്ക്കുവാൻ വിദ്യാർത്ഥികൾക്ക് സാധിക്കാതെ വന്നതിനാൽ ഫീസടയ്ക്കാനുള്ള തീയതി നീട്ടി. പിഴയില്ലാതെ സെപ്റ്റംബർ 27 വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർഫൈനോടെ 29 വരെയും ഫീസ് അടയ്ക്കാം.

**എൽ.എൽ.ബി. പരീക്ഷ**

അഫിലിയേറ്റഡ് കോളേജുകളിലെ ഒൻപതാം സെമസ്റ്റർ എൽ.എൽ.ബി. - ബി.എ. ക്രിമിനോളജി എൽ.എൽ.ബി. (ഓണേഴ്സ്) പഞ്ചവത്സര ഇന്റഗ്രേറ്റഡ് കോഴ്സ്, ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് കോഴ്സ് (2013 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2013 അഡ്മിഷൻ റഗുലർ), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം എൽ.എൽ.ബി. (ഓണേഴ്സ് - 2013 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ഒക്ടോബർ ഒൻപതു മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ സെപ്റ്റംബർ 29 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ ഒന്നു വരെയും 500 രൂപ സൂപ്പർഫൈനോടെ മൂന്നു വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതം (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

**സംവരണ സീറ്റൊഴിവ്**

മഹാത്മാ ഗാന്ധി സർവകലാശാലാ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ എം.എ. പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ് കോഴ്സിലേക്ക് എസ്.സി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. ക്യാറ്റ് (CAT) പ്രോസ്പെക്ടസ് പ്രകാരം നിശ്ചിത യോഗ്യതയുള്ള പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ സെപ്റ്റംബർ 27ന് രാവിലെ 11ന് അസൽ രേഖകൾ സഹിതം ഓഫീസിൽ ഹാജരാകണം.

**പരീക്ഷാഫലം**

2018 മെയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ നാലുവരെ അപേക്ഷിക്കാം.

# വാർത്താക്കുറിപ്പ് - 2

**സീറ്റൊഴിവ്**

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിൽ എം.എ. ഡെവലപ്മെന്റ് സ്റ്റഡീസ് ബാച്ചിൽ രണ്ടും ഗാന്ധിയൻ സ്റ്റഡീസ് ബാച്ചിൽ ഒന്നും സീറ്റൊഴിവുണ്ട്. ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യരായ വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി സെപ്റ്റംബർ 27ന് വൈകീട്ട് അഞ്ചിനു മുമ്പായി ഓഫീസിൽ രജിസ്റ്റർ ചെയ്യണം. വിശദവിവരങ്ങൾക്ക് ഫോൺ: 0481 - 2731039.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ